**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1067** | **27-07-2021 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം കർഷകർക്ക് വായ്പകൾ തിരിച്ചടയ്ക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കർഷകരെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ; വ്യക്തമാക്കുമോ; | (എ) | ഈ സാഹചര്യം 132-ാമത് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ഉന്നയിക്കുകയും അതിന്റെ ഫലമായി കോവിഡ് ഒന്നാംഘട്ടത്തിന്റെ ലോക്ഡൗൺ പ്രഖ്യാപനത്തെ തുടർന്ന് 2020 മാർച്ച് ഒന്നിനും, 2020 മെയ് 31നും ഇടയിൽ പുതുക്കേണ്ട ഹ്രസ്വകാല കാർഷിക ഉല്പാദന വായ്പകൾ ഉൾപ്പെടെയുള്ള എല്ലാത്തരം കാർഷിക വായ്പകളും പലിശ സബ്സിഡി നഷ്ടപ്പെടാതെയും, പിഴപ്പലിശ ഈടാക്കാതെയും പുതുക്കുന്നതിന് 2020 മെയ് 31 വരെയും സമയപരിധി റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ അനുവദിച്ചിരുന്നു. പ്രസ്തുത സമയപരിധി പിന്നീട് 2020 ആഗസ്റ്റ് 31വരെയും ദീർഘിപ്പിച്ചിരുന്നു. കോവിഡ് രണ്ടാംതരംഗത്തിൽ, 2021 മാർച്ച് 1നും 2021 ജൂൺ 30 നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ സബ്സിഡി നഷ്ടപ്പെടാതെയും പിഴപ്പലിശ കൂടാതെയും പുതുക്കുന്നതിന് 2021 ജൂൺ 30 വരെ സമയപരിധി അനുവദിച്ചിരുന്നു. പ്രസ്തുത കാലയളവ് 2021 ജൂലായ് 1 മുതൽ ആറ് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും നടപ്പിലാക്കിയിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31.08.2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുമുണ്ട്. |
| (ബി) | 2020,2021 വർഷങ്ങളിൽ കടക്കെണി മൂലം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ ? | (ബി) | 2020-ൽ എറണാകുളം ജില്ലയിൽ ഒന്നും, വയനാട് ജില്ലയിൽ രണ്ടും വീതം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. 2021-ൽ നാളിതുവരെ കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ